


**ലൂക്കാ 14:7 – 14; ശ്ലീഹാ 5:12 – 20; 1 കോറി. 1:9 – 12**

(Vol. 10, Issue 05)

**ബ്ര. അമൽ ചിറമുക്കത്ത്** MCBS

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വേരുപിടിച്ച സഭാതാരു പടർന്നുപന്തലിച്ചു നിൽക്കുന്നതിനെയും, സഭയുടെ വളർച്ചയെയും, ആത്മീയ വിളവെടുപ്പിനെയും അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന കൈത്താക്കാലത്തിലേയ്ക്ക് നാം ഇന്ന് പ്രവേശിക്കുകയാണ്. കൈത്താക്കാലത്തിന്റെ ആദ്യ ഞായറാഴ്ച്ച തിരുസഭ 12 ശ്ലീഹന്മാരുടെ തിരുനാൾ ആഘോഷിക്കുന്നു. 'ലോകത്തിന്റെ അതിർത്തികൾ വരെ സുവിശേഷം എത്തിക്കുവിൻ' എന്ന ഗുരുവിന്റെ കൽപനയെ മുറുകെപ്പിടിച്ച് വചനമാകുന്ന വിത്തിനെ ശിഷ്യന്മാർ ഭൂമിയാകെ വിതച്ചതിനെയും തങ്ങളുടെ പ്രേഷിതപ്രവർത്തനം കൊണ്ടും രക്തസാക്ഷിത്വം കൊണ്ടും അതിന് പോഷണം നൽകിയതിനെയും ഈ തിരുനാളിൽ തിരുസഭാ മാതാവ് അനുസ്മരിക്കുന്നു.

വചനമാകുന്ന വാളുമായി ശിഷ്യന്മാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്കും സംസ്കാരങ്ങളിലേയ്ക്കും ഇറങ്ങിത്തിരിച്ചു. ഇത്തരത്തിലുള്ള അനേക സംസ്കാരങ്ങളിൽ വ്യത്യസ്തത ഏറെയുണ്ടെങ്കിലും അവയെ ഒരുമിച്ചു നിർത്തുന്ന ചില ഘടകങ്ങളുണ്ട്. അവയിലൊന്നാണ് വിരുന്ന് അഥവാ അതിഥി സൽക്കാരം. 'അതിഥി ദേവോ ഭവഃ' എന്നുപറഞ്ഞ് അതിഥിയെ ദൈവത്തിനുതുല്യം കരുതിയിരുന്ന ഭാരതസംസ്കാരവുമായി വളരെ അടുത്തുനിൽക്കുന്നതാണ് യഹൂദ ആതിഥ്യമര്യാദ. ആതിഥ്യമര്യാദയെ ആത്മീയതയുടെ അളവുകോലായാണ് വിശുദ്ധ ഗ്രന്ഥം കരുതിയിരുന്നത്. അതിഥികൾ വേഷം മാറിവന്ന ദൈവദൂതന്മാരാണ് എന്നൊരു സങ്കൽപ്പവും അവരുടെയിടയിൽ ഉണ്ടായിരുന്നു. അതിഥിയുടെ വേഷത്തിലാണ് ദൈവം അബ്രാഹത്തെ സന്ദർശിച്ചത്. ആതിഥ്യമര്യാദ പാലിച്ചപ്പോഴാണ് അബ്രാഹത്തിനും സാറായ്ക്കും സന്താന ഭാഗ്യമുണ്ടായത്. അതിഥികളോട് അപമര്യാദയായി പെരുമാറിയ സോദോമിനും ഗൊമോറയ്ക്കും സർവ്വനാശം സംഭവിച്ചു. അപരിചിതനായ അതിഥിക്ക് ആതിഥ്യമരുളിയപ്പോഴാണ് എമ്മാവൂസിലേയ്ക്കു പോയ ശിഷ്യർക്ക് ക്രിസ്തുരഹസ്യം വെളിപ്പെട്ടത്. അതിഥികൾ ദൈവദൂതന്മാരല്ല ദൈവപുത്രൻ തന്നെയാണ് എന്ന സത്യമാണ് ഇവിടെ സുവിശേഷകൻ പറഞ്ഞുതരുന്നത്.

ദൈവരാജ്യമെന്ന കേന്ദ്ര ആശയത്തെ അവതരിപ്പിക്കുവാനായി സുവിശേഷകൻ ഉപയോഗിക്കുന്ന ഒരു പ്രതീകമാണ് വിരുന്ന്. ഈ വിരുന്നിൽ ശ്രദ്ധിക്കപ്പെടേണ്ടതായ രണ്ട് ഗണമുണ്ട്, അതിഥിയും ആതിഥേയനും. അതിഥിയുടെ തൃപ്തിയാണ് ആതിഥേയന്റെ സന്തോഷത്തിന്റെ വ്യാപ്തി കൂട്ടുന്നത്. വിരുന്ന് ഒരിക്കലും ഭക്ഷണത്തിനു വേണ്ടി ഉള്ളതോ, ഭക്ഷണത്തിൽ അവസാനിക്കുന്നതോ ആയ ഒന്നല്ല. വിരുന്നുകൾ ഒരാളുടെ സമൂഹത്തിലെ മാന്യത വർദ്ധിപ്പിക്കാനുള്ളതാണ്. നല്ല വിരുന്ന് സത്ക്കാരങ്ങൾ അതിൽ സംബന്ധിക്കുന്നവരുടെ വ്യക്തിപ്രഭാവം കൊണ്ട് അളക്കപ്പെടുന്നു. അതിനാൽത്തന്നെ, വിരുന്നുകൾക്ക് ക്ഷണിക്കപ്പെടുകയെന്നത് സമൂഹത്തിന്റെ അംഗീകാരത്തിന്റെ പ്രതീകമായി യഹൂദർ കരുതിയിരുന്നു. ക്ഷണിക്കപ്പെട്ട അതിഥികളുടെ പ്രാമുഖ്യം നിശ്ചയിക്കേണ്ടത് ആതിഥേയനാണ്. വചനത്തിൽ നാം കാണുന്നത് ആതിഥേയനെ മറന്ന അതിഥികളെയാണ്.

സ്വയം ഉയർത്തുന്ന വ്യഗ്രതയിൽ അവർ എളിമയെന്ന പുണ്യത്തെ മറക്കുന്നു. സുഭാഷിതങ്ങളുടെ പുസ്തകം 25:5,6 വാക്യങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു: രാജസന്നിധിയിൽ മുൻനിരയിൽ കയറിനിൽക്കുകയോ, സമുന്നതരോടൊപ്പം സ്ഥാനം പിടിക്കുകയോ അരുത്. രാജസന്നിധിയിൽ വച്ച് പുറകോട്ട് മാറ്റിനിർത്തപ്പെടുന്നതിനേക്കാൾ അഭികാമ്യം മുമ്പോട്ടു കയറിവരിക എന്ന് ക്ഷണിക്കപ്പെടുന്നതാണ്. ഇവിടെ യേശു ആവശ്യപ്പെടുന്നതും ഇതുതന്നെയാണ്. സ്വയം ഉയർത്തുക എന്നതിനപ്പുറത്തേയ്ക്ക് ക്ഷണിച്ചവന്റെ മനസ്സറിയുക എന്ന മഹത്വത്തിലേയ്ക്ക്.

വിരുന്നുശാലയിൽ എല്ലാവർക്കും ഇരിപ്പിടവും ആവശ്യത്തിന് ഭക്ഷണവും ഒരുക്കിയിട്ടുണ്ട്. തന്മൂലം അവരുടെ മാത്സര്യം ഭക്ഷണത്തിനു വേണ്ടിയല്ല മറിച്ച്, സ്ഥാനമാനങ്ങൾക്കു വേണ്ടിയാണ്. തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും എന്ന വചനം അവർക്ക് ഗ്രഹിക്കാൻ സാധിച്ചില്ല. അപരനെ തന്നോടൊപ്പമോ തന്നെക്കാൾ ശ്രേഷ്ഠനോ ആയിക്കാണാൻ സാധിക്കാത്ത മനുഷ്യന്റെ പരാജയമാണ് യേശു ഇവിടെ എടുത്തുകാണിക്കുന്നത്. എന്തെന്നാൽ, മത്സരാർത്ഥികൾ എല്ലാം തോൽക്കുകയും മത്സരിക്കാത്തവർ ജയിക്കുകയും ചെയ്യുന്ന വൈരുദ്ധ്യത്തെയാണ് യേശു തന്റെ ജീവിതം കൊണ്ട് കാണിച്ചുതന്നത്. തന്നെത്തന്നെ താഴ്ത്തി തെരുവിലേയ്ക്കിറങ്ങിയ ഫ്രാൻസിസ് അസീസ്സിയും, മദർ തെരേസയും ആരോടും മത്സരിക്കാതെ തന്നെ എളിമയിൽ ഉയർത്തപ്പെട്ടവരാണ്. ശ്ലീഹന്മാരുടെ ജീവിതവും നമുക്ക് പറഞ്ഞുതരുന്നത്, ആത്മാവിനെ നഷ്ടപ്പെടുത്താതെ തന്നെ ലോകത്തെ മുഴുവൻ കീഴടക്കാം എന്ന സത്യമാണ്.

രണ്ടാമതായി സുവിശേഷത്തിൽ നാം കണ്ടുമുട്ടുന്ന വ്യക്തിയാണ് ആതിഥേയൻ. എത്തിച്ചേർന്നിരിക്കുന്ന അതിഥികളുടെ മഹത്വമാണ് ആതിഥേയന്റെ മഹത്വത്തെ വെളിവാക്കുന്നത്. എന്നാൽ, ആ കാഴ്ച്ചപ്പാടിനെ തന്നെ യേശു ഇവിടെ തിരുത്തുകയാണ്. യഹൂദ-യവന-റോമൻ സംസ്കാരങ്ങളിൽ ദരിദ്രരെയും, മുടന്തരെയും, വികലാംഗരെയും, കുഷ്ഠരോഗികളെയും മൂല്യമില്ലാത്തവരും ദൈവശാപമേറ്റവരുമായിട്ടാണ് കരുതിയിരുന്നത്. ഇത്തരത്തിലുള്ളവരെ ക്ഷണിക്കുന്ന വിരുന്നിൽ യഹൂദ പുരോഹിതന്മാരോ, ജനപ്രമാണികളോ പങ്കെടുത്തിരുന്നില്ല. പക്ഷെ, യേശു ഇവിടെ ആവശ്യപ്പെടുന്നത് അവരെയും അതിഥികളായി സ്വീകരിക്കുവാനാണ്. എന്തെന്നാൽ, ദൈവത്തിനു മുമ്പിൽ ഉപേക്ഷിക്കപ്പെട്ടവനായി ഒരുവൻ പോലുമില്ല. സകല ജനപദങ്ങളോടും രക്ഷയുടെ സുവിശേഷം പ്രസംഗിക്കുന്നതിലൂടെ ശിഷ്യന്മാർ പകർന്നുനൽകിയത് രക്ഷയിലേയ്ക്ക് നൽകപ്പെട്ട ഈ ക്ഷണത്തെയാണ്.

സുവിശേഷങ്ങളിലുടനീളം അതിഥിയായ യേശുവിനെ നാം കണ്ടുമുട്ടുന്നുണ്ട്. എന്നാൽ, ആതിഥേയന്റെ രൂപം പ്രാപിക്കുന്ന യേശുവിനെ നാം കണ്ടുമുട്ടുക വിശുദ്ധ കുർബാന സ്ഥാപനവേളയിലാണ്. ആതിഥേയനായ ഈശോ അതിഥികളുടെ പാദങ്ങൾ കഴുകി, ആതിഥ്യമര്യാദ പാലിച്ച്, അവരെ ചുംബിച്ച്, വിരുന്നിനായി ക്ഷണിച്ചു. ആ വിരുന്നിൽ പ്രഥമസ്ഥാനത്തിനായി ആരും ബഹളം കൂട്ടിയില്ല. മറ്റൊരുവന്റെ ക്ഷണം ആരെയും അസ്വസ്ഥരാക്കിയതുമില്ല. എന്തെന്നാൽ തങ്ങളുടെ മേന്മയല്ല, ഗുരുവിന്റെ സ്നേഹവും കരുണയുമാണ് ആ വിരുന്നിന്റെ മാനദണ്ഡമെന്ന് അവർ തിരിച്ചറിഞ്ഞിരുന്നു. ആതിഥേയൻ അവിടെ വിളമ്പിയത് തന്നെത്തന്നെയായിരുന്നു. അതിഥികൾ ആതിഥേയന്റെ ഹിതമനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തു.

ആ വിരുന്നിന്റെ ഓർമ്മയിലേയ്ക്ക് ആതിഥേയനായ ഈശോ നമ്മെ വീണ്ടും ക്ഷണിക്കുന്നു. ക്ഷണിക്കുന്ന ആതിഥേയനെ മറക്കുന്ന നിമിഷത്തിലാണ് അസ്വസ്ഥതകൾ മുളപൊട്ടുന്നത്. ഇന്നത്തെ പഴയ നിയമ വായനയിൽ ദൈവത്തെ മറന്ന ഇസ്രായേൽ ജനത്തിനു മുമ്പിൽ തകർന്നുപോയ ബലിപീഠം 12 കല്ലുകൾ കൊണ്ട് പുനർനിർമ്മിക്കുന്ന ഏലിയാ പ്രവാചകനെ നാം കാണുന്നു. ക്ഷണിച്ചവനെ മറന്ന് തങ്ങൾ സ്വീകരിച്ച ജ്ഞാനസ്നാനത്തിന്റെ മഹനീയതയെ പ്രകീർത്തിക്കുന്ന കോറിന്തോസിലെ സഭയെ ശാസിക്കുന്നതിലൂടെ പൗലോസ് ശ്ലീഹായും പറഞ്ഞുതരുന്നത് ഒരേ കാര്യമാണ്. ക്ഷണിച്ചവന്റെ ഹിതമനുസരിച്ച് അവിടുത്തെ തിരുമുമ്പിൽ എളിമയോടെ വർത്തിക്കുക. തന്റെ തന്നെ ജീവിതത്തിലൂടെ യഥാർത്ഥ അതിഥിയുടെയും ആതിഥേയന്റെയും മാതൃക കാണിച്ചുതന്ന ഈശോയുടെ പാത പിഞ്ചെല്ലാൻ നമുക്ക് പരിശ്രമിക്കാം, ശിഷ്യന്മാരെ പ്പോലെ നമ്മുടെ മേന്മ കൊണ്ടല്ല മറിച്ച്, അവിടുത്തെ സ്നേഹം കൊണ്ടാണ് ഏറ്റവും വലിയ വിരുന്നായ ബലിയിൽ നാം ഭാഗഭാക്കാവുന്നത് എന്ന് മനസ്സിലാക്കാം.

വിരുന്നുകളുടെ വിരുന്നായ പരിശുദ്ധ കുർബാനയ്ക്കായി നാം അണയുമ്പോൾ അപരനെ, തന്നെപ്പോലെ തന്നെയോ തന്നേക്കാൾ ശ്രേഷ്ഠനോ ആയി കാണുവാനുള്ള കൃപാവരത്തിനായി നമുക്ക് പ്രാർത്ഥിക്കാം. ചെറിയവരിൽ ഒരുവനെപ്പോലും നഷ്ടമാകാതിരിക്കുവാൻ ഗുരുവിനോടൊപ്പം ഇറങ്ങിത്തിരിച്ച 12 ശ്ലീഹന്മാരെപ്പോലെ അപരനിലേയ്ക്കിറങ്ങിച്ചെല്ലാൻ നമുക്ക് പരിശ്രമിക്കാം. അപരന്റെ ദുഃഖത്തിലും സന്തോഷത്തിലും നമുക്ക് ഭാഗമാകാം. അത്തരത്തിൽ ഗുരുവിന്റെ യഥാർത്ഥ ശിഷ്യരായിത്തീരുവാൻ സർവ്വേശ്വരൻ നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും, ആമ്മേൻ.